പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2132

04/11/2019 ൽ മറുപടി നല്കേണ്ടത്.

## മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിലെ ഭൗതിക സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ തൈറോയിഡ് ടെസ്റ്റ് സൗകര്യം കൂടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | എ) ഉണ്ട്. ടെസ്റ്റ് ചെയ്യുന്നതിനുള്ള റീഎജന്റുകൾ ലാബിൽ ലഭ്യമായിട്ടുണ്ട്. ഒരു ലാബ് ടെക്നീഷ്യനെ കൂടി നിയമിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ എൻ.എച്ച്.എം - ന് അപേക്ഷ നൽകിയിട്ടുണ്ട്. |
| ബി) സാമ്പിളുകൾ ശേഖരിക്കുന്നതിനും പരിശോധനകൾ നടത്തി ഫലങ്ങൾ നൽകുന്നതിനും ലാബിൽ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) & സി) ഉണ്ട്. ടി സ്ഥാപനത്തിലേക്ക് ജനറേറ്റർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) ജനറേറ്റർ സൗകര്യം ഇല്ലാത്തതുമൂലം വൈദ്യുതി തടസ്സമുണ്ടാകുമ്പോൾ സാമ്പിളുകൾ ശേഖരിക്കുവാനും ലാബിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും ബുദ്ധിമുട്ട് നുഭവിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ